# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 19-07-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : T 299

## വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. സി.എഫ്.തോമസ് :<br>ഡോ. എൻ.ജയരാജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതിക്കായി വീടും സ്ഥലവും വിട്ടുകൊടുത്ത കുടുംബങ്ങൾക്കുള്ള സൗജന്യ ഭൂമിയുടെ വിതരണം പൂർത്തിയായോ; ഇവർക്ക് എന്നാണ് ഭൂമി നല്കിയതെന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല. വിഴിഞ്ഞം പദ്ധതിക്കായി ഏറ്റെടുത്തിട്ടുള്ള 79 വീടുകൾക്കു പകരമായി 78 ഭൂഉടമകൾക്ക് ഭൂമി സൗജന്യമായി നൽകിയിട്ടുണ്ട്. ഒരു വീട്ടുടമസ്ഥനു പകരം ഭൂമി നൽകുന്നതു സംബന്ധിച്ച് നിയമനടപടികൾ നടന്നു വരുന്നു. 78 പേരിൽ, 6 പേർക്ക് 2011 ലും, 36 പേർക്ക് 2012 ലും, 3 പേർക്ക് 2015 ലും, 24 പേർക്ക് 2013-14 ലും, 9 പേർക്ക് 2016 ലുമാണ് ടി സൗജന്യ ഭൂമി വിതരണം ചെയ്തത്. |
| (ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുനരധിവാസ പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്ന എന്തെല്ലാം കാര്യങ്ങൾ ഇതു വരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) വിഴിഞ്ഞം തുറമുഖ പദ്ധതി മൂലം വീട്/ സ്ഥലം എന്നിവ നഷ്ടപ്പെടുന്നവരുടെ പുനരധിവാസ പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്ന എല്ലാ കാര്യങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. തുറമുഖ പദ്ധതി മൂലം തൊഴിൽ നഷ്ടപ്പെടുന്ന ചിപ്പി/ലോബ്സ്റ്റർ മത്സ്യബന്ധനം, കരമടി മത്സ്യബന്ധനം എന്നിവയിൽ ഏർപ്പെട്ടിരുന്ന 185 പേർക്ക് 11.7 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട് . ടി വിഭാഗത്തിൽപ്പെടുന്നവരും ഭാഗികമായി തൊഴിൽ നഷ്ടപ്പെടുന്നവരുമായ ശേഷിക്കുന്ന 512 പേരുടെ നിജസ്ഥിതി സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചു. 2016 ജൂലൈ മാസത്തോടെ നഷ്ടപരിഹാരം |

വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ഇതിനു പുറമെ തൊഴിൽ ബാധിക്കപ്പെടുന്ന റിസോർട്ട് തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവരുടെ പുനരധിവാസം സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ആക്ഷേപങ്ങൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ആക്ഷേപങ്ങൾ കൂടി പരിഗണിച്ച ശേഷമേ ഇവർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുവാനാകൂ.

സെക്ഷൻ ഓഫീസർ